കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പെരിനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

**(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)**

നം.കെ.എസ്.എ.കെ.എൽ.എം.പി 4/981/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി -02/08/2019.

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

പെരിനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പെരിനാട് ഗ്രാമപഞ്ചായത്ത് 2018-2019 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും 3ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ട മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ

15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി 4/981/2019 തീയതി: 02/08/2019

## കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.10.2018 മുതൽ 30.05.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 09 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.സൈമൺ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.06.2019 മുതൽ 28.06.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. അമ്പിളി.എം.ഡി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീമതി. പത്മകുമാരി.എൽ, അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. അമ്പിളി.ജി, സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. വിഷ്ണുപ്രിയ. കെ , ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.അനിൽ | 01.04.2018 മുതൽ<br>31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.ബാബുരാജ്.എ | 1.04.2018 മുതൽ<br>31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ബൈജു.ജി | 01.04.2018 മുതൽ<br>31.03.2019 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ.ഷൈനു.എസ്സ്.പ്രഭ | 01.04.2018 മുതൽ<br>31.01.2019 വരെ |
| | ശ്രീ.സുരേഷ് കുമാർ | 01.02.2019 മുതൽ<br>31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ.സാൻട്രിയ വാഷിംഗ്ടൺ | 01.04.2018 മുതൽ<br>31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ടക്ടർ | ശ്രീ.ബിജു, | 01.04.2018 മുതൽ<br>11.07.2018 വരെ |
| | ശ്രീമതി.രമ്യ | 11.07.2018മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.ജൂന | 01.04.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ( ഹോമിയോ) | ഡോ.മാലതി | 01.04.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ.രാജശ്രീ | 01.04.2018 മുതൽ<br>31.03.2019 വരെ |
| | | |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സമീന.എം.പി | 01.04.2018 മുതൽ 06.07.2018 വരെ |
| | ശ്രീമതി.സഫിയ | 07.07.2018 മുതൽ 26.09.2018 വരെ |
| | ശ്രീമതി.മീര ജയപ്രകാശ് | 27.9.2018 മുതൽ 12.12.2018 വരെ |
| | ശ്രീമതി.സഫിയ | 13.12.2018 മുതൽ 30.01.2019 വരെ |
| | ശ്രീമതി.നിത്യ.സി.നാഥൻ | 01.02.2019 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.ശ്രീകുമാരി.എസ്സ് | 01.04.2018 മുതൽ 16.07.2018 വരെ |
| | ശ്രീമതി.ചെറുപുഷ്പം | 17.07.2018 മുതൽ 31.03.2019 വരെ |
| അസ്സിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ലീലാമണി.എസ്സ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സന്തോഷ് | 01.04.2018 മുതൽ 07.02.2019 വരെ |
| | ശ്രീമതി.അജിത.എൽ | 08.02.2019 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.കൃഷ്ണപ്രസാദ് | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീമതി.നിഷ | 18.04.2018 മുതൽ 31.03.2019 വരെ |

# ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ. | 1-12 |
| | ഭാഗം 2 | |
| 13 | അൺഎയ്ഡഡ് സ്കൂളുകൾ വസ്തുനികുതി ഒടുക്കുന്നില്ല | 2-1 |
| 14 | എയർ കണ്ടീഷനിംഗ് അടിസ്ഥാനത്തിൽ ഉള്ള വർദ്ധനവ് കെട്ടിടനികുതിയിൽ വരുത്തിയില്ല. | 2-2 |
| 15 | ലേലം അപാകതകൾ | 2-3 |
| 16 | തൊഴിൽ നികുതി ഈടാക്കിയില്ല. | 2-4 |
| 17 | ബിൽഡിംഗ് പെർമിറ്റ് അവലോകനം | 2-5 |
| | ഭാഗം 3 | |
| 18 | ഗ്രാമ പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ കസേര വാങ്ങിയത്-കുറഞ്ഞ നിരക്ക് അംഗീകരിച്ചില്ല -നഷ്ടം 67,080/-രൂപ | 3-1 |
| 19 | വാങ്ങിയ രസീതുകൾ കാണുന്നില്ല | 3-2 |
| 20 | അഡ്വാൻസ് കൈപ്പറ്റിയിട്ടും വീട് മെയിന്റനൻസ് പൂർത്തീകരിച്ചിട്ടില്ല. | 3-3 |
| 21 | രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റി പകരം തെങ്ങിൻ തൈ നടീൽ | 3-4 |

| | | |
|---|---|---|
| | - സബ്സിഡി അധികമായി നല്കി. | |
| 22 | പെരിനാടൻ ജൈവ പച്ചക്കറികൃഷി – പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3-5 |
| 23 | കറവപ്പശുവിനെ വളർത്തൽ – സബ്സിഡി അധികം നല്കി. | 3-6 |
| 24 | മെറിറ്റോറിയസ് സ്കോളർഷിപ്പ് – അനുവദനീയമായതിലും അധികം തുക നല്കി. | 3-7 |
| 25 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ സ്കൂളുകൾക്ക് കമ്പ്യൂട്ടർ പർച്ചേസ് നടത്തി -അധികച്ചെലവ് 15,800/-രൂപ | 3-8 |
| 26 | കുറഞ്ഞ വില രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കി കമ്പ്യൂട്ടർ പർച്ചേസ് നടത്തി -49,400/- രൂപയുടെ അധികച്ചെലവ്. | 3-9 |
| 27 | ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിലേക്ക് എയർ കണ്ടീഷൻ -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-10 |
| 28 | പത്താം തരം പ്ലസ് ടു തുല്യതാ പഠിതാക്കൾക്ക് പരീക്ഷാഫീസ് അടവാക്കൽ | 3-11 |
| 29 | മെഡിക്കൽ ഓഫീസർമാർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-12 |
| 30 | വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയില്ല. | 3-13 |
| 31 | അക്വാ പോണിക്സ് -നൂതനകൃഷി രീതി .-ഭാഗികമായി മാത്രം ലക്ഷ്യം കൈവരിച്ചു. | 3-14 |
| 32 | ഇ. എം.ഡി. തിരികെ നൽകിയപ്പോൾ മുഴുവൻ തുകയും തിരികെ നൽകിയിട്ടില്ല. | 3-15 |
| | ഭാഗം 4 | |
| 33 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 36 | വായ്പാ/ വായ്പാ തിരിച്ചടവ് | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 40 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 43 | അനുബന്ധം -1, ഓഡിറ്റ് സാക്ഷ്യപത്രം 2018-19 | 1 |

| | | |
|---|---|---|
| 44 | അനുബന്ധം -2, അനുബന്ധപത്രികകൾ | 2 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

14.02.2018 തീയതിയിലെ |ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 26.12.2018തീയതിയിലെ |ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 25.05.2019 | ---- | ---- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 18.06.2019 | കെ.എസ്.എ.കെ.എൽ.എം. പി4/981/19, തീയതി-2/8/19 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6492502.5 |
| വരവ് | 106113933 |
| ആകെ | 112606435.50 |
| ചെലവ് | 93904261 |
| നീക്കിയിരിപ്പ് | 18702174.5 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഓ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 23397996 | 23397996 | 21774521 | 1623475 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 13305000 | 13305000 | 11260328 | 2044672 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 12000 | 12000 | 0 | 12000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 4364000 | 4364000 | 4234549 | 129451 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5200000 | 5200000 | 4055650 | 1144350 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 13133793 | 13133793 | 8366033 | 4767760 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | | | | |
| സാക്ഷരത | | 3941 | 140 | 4081 | 0 | 4081 |
| ദുരിതാശ്വാസനിധി | | 57762 | 22746 | 80508 | 16000 | 64508 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 16748705 | 16748705 | 16748705 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6203 | 439112 | 445315 | 442791 | 2524 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 166100 | 4230500 | 4396600 | 3025932 | 1370668 |
| | ജില്ലാ പഞ്ചായത്ത് | 141000 | 3255908 | 3396908 | 1979956 | 1416952 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് SCB പെരിനാട് | 1931108 | 542146 | 7352569 | 5966199 | 1386370 |
| | I O B | 3196176 | 7275413 | 10471589 | 7304760 | 3166829 |
| | SBT E payment | 38427 | 114597 | 153024 | 963 | 152061 |
| | ട്രഷറി അക്കൗണ്ട് | 749810 | 22487043 | 23236853 | 13951127 | 9299726 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 183 | 7,04,35,392 | 140 | 7,04,35,392 | 5 | 38 | 76.5 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6,203 | 4,39,112 | 4,45,315 | 4,42,791 | 2,524 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,67,48,705 | 1,67,48,705 | 1,67,48,705 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,58,966 | 138 |
| കർഷകതൊഴിലാളി പെൻഷൻ | 7,98,600 | 57 |
| വിധവാപെൻഷൻ | 1,65,52,900 | 1495 |
| വാർദ്ധക്യകാലപെൻഷൻ | 2,56,94,900 | 2572 |
| വികലാംഗപെൻഷൻ | 57,57,100 | 455 |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5,90,800 | 50 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.06.2019-ന്ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,325/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്.

**എ) ഫ്രണ്ട് ഓഫീസ് പ്രവർത്തനം**

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

**ബി) നികുതി/നികുതിയേതരവരുമാനം**

നികുതിപിരിവിന്റെ കാര്യക്ഷമത ധനകാര്യസ്റ്റാന്റിംഗ് കമ്മററി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.കെട്ടിടനികുതി 75% മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരുമാന വർദ്ധനവിന് പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുകയും നിലവിലുള്ളവ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

**സി) വരവ്-ചെലവുകളുടെ അക്കൗണ്ടിംഗ്**

കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൌണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29 ാം വകുപ്പിൽ പ്രദിപാദിക്കുംപ്രകാരം ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൌച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്,ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

30-5-2018 തീയതിയിലെ 21800144 നമ്പർ വൌച്ചർ പ്രകാരം ചെലവഴിച്ച 9156/- രൂപാ പ്രകാരം വാങ്ങിയ രസീതുകളിൽ സീരിയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്ത 1000 സാംഖ്യാ രസീത്. സ്റ്റോക്കിലെടുക്കുകയോ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. പ്രസ്തുത വിഷയം സ്പെഷ്യൽ ലെറ്റർ പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട് ഖ.3-2)

**ഡി) അനിവാര്യചുമതലകളുടെ നിർവ്വഹണം**

കേരളാപഞ്ചായത്ത് രാജ് ആക്ട് 166ാം വകുപ്പ് 1ാം ഉപവകുപ്പിൽ ഉൾപ്പെട്ട തെരുവുവിളക്കുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മേൽ പദ്ധതിപ്രകാരമുള്ള

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിൽ തെരുവുവിളക്കുകളുടെ എണ്ണത്തിനാനുപാദികമായി ആവശ്യമായ സാധനസാമഗ്രികളുടെ എണ്ണം നിജപ്പെടുത്തി നടത്തേണ്ടതാണ്.സ്റ്റോക്ക് പർച്ചേസ്സ് മാനുവലിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ സാധന സാമഗ്രികൾ വാങ്ങിയതുവഴി പഞ്ചായത്തിനു നഷ്ടം സംഭവിച്ചിട്ടുണ്ട് (3-1, 3-9).

**ഇ) ആസ്തികളുടെ സംരക്ഷണം**

ആസ്തി സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ്കണക്റ്റിവിറ്റി പ്ലാൻ , സോഷ്യൽമാപ്പ് ഇവ സൂക്ഷിച്ചിട്ടില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.05.2019 | 1/19 മുതൽ 3/19 വരെ | 10.05.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.04.2015 മുതൽ 21.04.2015 വരെ | 2010-11 മുതൽ 2014-15 വരെ | 09.06.2015 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. B1 ഷെഡ്യൂൾ I/E സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

2. ദുരിതാശ്വാസ നിധി ചെലവ് 16,000/- രൂപയാണെന്ന് രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അക്കൗണ്ട്സിൽ 13,000/- രൂപയാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.

ABSTRACT OF DEFECTS /DISCREPENCIES

1. B1- Shedule is not in agreement with I/E statement.
2. As per the documents produced the distress relief fund expenditure is 16,000/-. But in AFS it is 13,000/-.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അൺഎയ്ഡഡ് സ്കൂളുകൾ വസ്തുനികുതി ഒടുക്കുന്നില്ല

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അൺഎയ്ഡഡ്സ്കൂളുകൾ വസ്തുനികുതി ഒടുക്കവരുത്തുന്നില്ല. ടിനിറ്റി ലൈസിയം സ്കൂൾ ,പീനിയൽ പബ്ലിക് സ്കൂൾ ,ചിന്മയവിദ്യാലയ, മൗണ്ട്കാർമൽ സ്കൂൾ, സാരംഗ് പബ്ലിക് സ്കൂൾ, എന്നിവയാണ് പഞ്ചായത്തിൽ പ്രവർത്തിച്ച വരുന്ന

അൺഎയ്ഡഡ് സ്കൂളുകൾ. ഇവയിൽ സാരംഗ് പബ്ലിക് സ്കൂൾ മാത്രമാണ് കൃത്യമായി വസ്തുനികുതി ഒടുക്കിയിട്ടുള്ളത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.ട്രിനിറ്റി ലൈസിയം സ്കൂൾ (കെട്ടിട നം VI/294,295,296)

സ്കൂളിന്റെ 2013-14മുതൽ 2018-19 വരെയുള്ള നികുതി ഈടാക്കുന്നതിന് ചട്ട പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ഇതിനെതിരെ കേരള ഹൈക്കോടതിയിൽ നിന്നും WP(C) – No-18485/2018 കേസിൽ നികുതി ഈടാക്കുന്നതിനെതിരെ സ്കൂൾ അധികൃതർ സ്റ്റേ വാങ്ങിയിട്ടുണ്ട്.

കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | കുടിശ്ശിക കാലയളവ് | ഈടാക്കാനുള്ള തുക |
|---|---|---|
| VI/294 | 2013-14 മുതൽ<br>2018-19 വരെ | 66876 (11146x6) |
| VI/295 | 2013-14 മുതൽ<br>2018-19 വരെ | 66876 (11146x6) |
| VI/296 | 2013-14 മുതൽ<br>2018-19 വരെ | 26364(4394x6) |

2. പീനിയൽ പബ്ലിക് സ്കൂൾ (X/267,268,521)

സ്കൂളിന്റെ 2013-14മുതൽ 2018-19 വരെയുള്ള നികുതി ഈടാക്കുന്നതിന് ചട്ട പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ഇതിനെതിരെ കേരള ഹൈക്കോടതിയിൽ നിന്നും WP(C) – No-24265/2018ൽ നികുതി ഈടാക്കുന്നതിനെതിരെ സ്കൂൾ അധികൃതർ സ്റ്റേ വാങ്ങിയിട്ടുണ്ട്.

കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | കുടിശ്ശിക കാലയളവ് | ഈടാക്കാനുള്ള തുക |
|---|---|---|
| X/267 | 2013-14 മുതൽ<br>2018-19 വരെ | 13380 (2230 x6) |
| X/268 | 2013-14 മുതൽ<br>2018-19 വരെ | 7764 (1294 x6) |
| X/521 | 2013-14 മുതൽ<br>2018-19 വരെ | 17628 (2938 x6) |

3.മൗണ്ട്കാർമ്മൽ സ്കൂൾ (കെട്ടിട നം VI/25)

സ്കൂളിന്റ 2015-16 മുതൽ 2018-19 വരെയുള്ള നികുതി കുടിശ്ശികയുണ്ട്. ഹൈക്കോടതിയിൽ നിന്നും WP(C) – No-3228/19 (1) കേസിൽ വസ്തു നികുതി ഈടാക്കുന്നതിനെതിരെ സ്കൂൾ അധികൃതർ ഇടക്കാല സ്റ്റേ ഉത്തരവ് നേടിയിട്ടുണ്ട്.

കുടിശ്ശികതുക – 9678 (2015-16 മുതൽ 2018-19 വരെ)

4. ചിൻമയസ്കൂൾ (കെട്ടിട നം XV/447,448,449,450)

സ്കൂളിന്റ 2013-14 മുതൽ 2018-19 വരെയുള്ള നികുതി ഈടാക്കാനുണ്ട്. കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | കുടിശ്ശിക കാലയളവ് | ഈടാക്കാനുള്ള തുക |
|---|---|---|
| XV/447 | 2013-14 മുതൽ<br>2018-19 വരെ | 5082 |
| XV/448 | 2013-14 മുതൽ<br>2018-19 വരെ | 5780 |
| XV/449 | 2013-14 മുതൽ<br>2018-19 വരെ | 5978 |
| XV/450 | 2013-14 മുതൽ<br>2018-19 വരെ | 20090 |

12-04-12ലെ 49590/ആർ.സി2/2011എൽ.എസ്.ജി.ഡി സർക്കുലർ പ്രകാരം അൺ എയ്ഡഡ് സ്ഥാപനങ്ങളെ 14-01-2011മുതൽ പുതിയ അസസ്സ്മെന്റായി കരുതി വസ്തുനികുതി ഈടാക്കുന്നതിനും അതിനു മുമ്പുള്ള വസ്തു നികുതിയിൽ ഇളവ് അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്റ്റേ ഒഴിവാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. തുടർ നടപടികൾ സ്വീകരിച്ച് ടി കേസുകളുടെ സ്ഥിതിവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി- 4/26.07.2019

## 2-2 എയർ കണ്ടിഷനിംഗിന്റെ അടിസ്ഥാനത്തിൽ ഉള്ള വർദ്ധനവ് കെട്ടിടനികുതിയിൽ വരുത്തിയില്ല

2018-19 വർഷം അസ്സസ്സ് ചെയ്തിട്ടുള്ള ഒമ്പതാം വാർഡിലെ 757, 758, 759, 761, 762, 763 നമ്പർ കെട്ടിടങ്ങൾ ലോഡ്ജ്മുറികളായി അസ്സസ്സ് ചെയ്തിട്ടുള്ളവയാണ്. സ്ഥലപരിശോധനയിൽ ഇവയിൽ രണ്ട്മുറികൾ എയർകണ്ടീഷൻ ചെയ്തിട്ടുള്ളവയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ടി കെട്ടിടത്തിന്റെ സഞ്ചയസോഫ്റ്റ് വെയർപ്രകാരമുള്ള വസ്തു നികുതി നിർണ്ണയ ഫോമിൽ (ഫോം6 ) എയർകണ്ടീഷനിംഗിന്റെ അടിസ്ഥാനത്തിലുള്ള 10% വർദ്ധനവ് കൂടി ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടില്ല. . ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വസ്തുനികുതി നിർണ്ണയ സമയത്ത് ടി കെട്ടിടങ്ങളിൽ

എയർകണ്ടീഷനിംഗ് സൗകര്യം ഏർപ്പെടുത്തിയിരുന്നില്ല എന്നും സ്ഥല പരിശോധന നടത്തി എയർകണ്ടീഷനിംഗ് സ്ഥാപിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഇവയിൽ തുടർനടപടി സ്വീകരിച്ച് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി- 8/27.06.2019

## 2-3 ലേലം അപാകതകൾ

### 1. മരങ്ങളുടെ ലേലം നടന്നിട്ടില്ല

ചന്ദനത്തോപ്പ് വാർഡിലെ മുതുകുളം ജംഗ്ഷനിൽ അപകടകരമായി നിൽക്കുന്ന ഇലവുമരം ലേലം ചെയ്യുന്നതിനായി 10.10.2017 ലെ അസ്സിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ SS1-1593/16 ാം നമ്പർ കത്തുപ്രകാരം 1337രൂപയുടെ വാല്യൂവേഷൻ ലഭ്യമായിട്ടുണ്ട്. എന്നാൽ നാളിതുവരെ ടി ലേലം നടന്നിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ലേല നടപടികൾ സ്വീകരിച്ച് ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തു വക സ്ഥലങ്ങളിൽ നിന്നും മുറിച്ചു മാറ്റിയിട്ടുള്ള തെങ്ങുകൾ, വയനമരം, വട്ടമരം എന്നിവ ലേലം ചെയ്യുന്നതിനായി വാല്യൂവേഷൻ ലഭ്യമാക്കുന്നതിന് 12.02.2018ൽ അസ്സിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് കത്ത് നൽകിയിട്ടുണ്ട്. ഇതുവരെ വാല്യൂവേഷൻ ലഭ്യമായിട്ടില്ല. വാല്യൂവേഷൻ അടിയന്തിരമായി ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തടികൾ നശിച്ചുപോകാതെ ലേലം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

### 2. പാഴ് വസ്തുക്കളുുടെ ലേലം - ഫയൽ അപൂർണ്ണം

പഞ്ചായത്ത് ഓഫീസിലെ ഉപയോഗശൂന്യമായ സാധനങ്ങളുടെ ലേലം നടത്തുന്നതിന് അസ്സിസ്റ്റന്റ് എഞ്ചിനിയർ 12.08.2018 ൽ 2,305/-രൂപ വാല്യൂവേഷൻ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ടി ലേലത്തിനെ സംബന്ധിച്ച് അപൂർണ്ണമായ ലേല ഡയറിമാത്രമാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. ഈ ലേലം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. ലേല രജിസ്റ്ററിൽ ഇതിനെ സംബന്ധിച്ച വിവരങ്ങൾ ഇല്ല. ഈയിനത്തിൽ രസീത് നം 118060102373/18.08.2018 പ്രകാരം 4,000 വരവ് വന്നിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ലേലത്തിന്റെ നിയമാനുസൃത രേഖകളായ ലേലഡയറി, ഫഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവ ഹാജരാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി- 1/24.07.2019

## 2-4 തൊഴിൽ നികുതി ഈടാക്കിയില്ല.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പീനിയൽ പബ്ലിക് സ്കൂളിലെ തൊഴിൽനികുതിയും സ്ഥാപന നികുതിയും ഡിമാന്റ് ചെയ്തിട്ടില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 7/27.06.2019

## 2-5 ബിൽഡിംഗ് പെർമിറ്റ് അവലോകനം

2018-19 വർഷം പെരിനാട് ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റിനു വേണ്ടി 253 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഇവയിൽ 194 എണ്ണത്തിന് പെർമിറ്റ് അനുവദിക്കുകയും വിവിധ കാരണങ്ങളാൽ 59 എണ്ണം നിരസിക്കുകയും ചെയ്തു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ന്യൂനതകളോട് കൂടിയവ വീണ്ടും സമർപ്പിച്ചതിനാൽ നിരസിച്ചവ - 12

കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനം - 31

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ ഡേറ്റാബാങ്കിൽ ഉൾപ്പെട്ടവ – 4

മതിയായ പെർമിറ്റ് ഫീസ് ഒടുക്കാത്തവ – 5

റയിൽവേയിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമായവ – 1

തീരദേശ പരിപാലന അതോറിട്ടിയുടെ അംഗീകാരം ആവശ്യമുള്ളത് - 4

മലിനീകരണ നിയന്ത്രണബോർഡിന്റെ അനുമതി ആവശ്യമുള്ളത് - 1

അഗ്നിശമന സേനാ ഡയറക്ടറുടെ അനുമതി സാക്ഷ്യപത്രം ആവശ്യമുള്ളത് (FIRE NOC) - 1 എൽ.എസ്സ്.ജി.ഡി വിഭാഗത്തിൽ രണ്ട് ഓവർസിയർമാരുടെ തസ്തികകൾ ഉണ്ടെങ്കിലും ഒരു ഓവർസിയർ മാത്രമാണ് പഞ്ചായത്തിൽ ഉള്ളത്. ഒരെണ്ണത്തിൽ നിയമനം നടത്തിയിട്ടില്ല. പെർമിറ്റ് അപേക്ഷകളുടെ എണ്ണത്തിലുള്ള വർദ്ധനവും, പെർമിറ്റ് പരിശോധിക്കുന്നതിനുള്ള ജീവനക്കാരുടെ അഭാവവും അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് തടസ്സമാകുന്നുണ്ട്. ഓവർസിയർ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഭരണസമിതി കൈക്കൊള്ളേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമ പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ കസേര വാങ്ങിയത്- കുറഞ്ഞ നിരക്ക് അംഗീകരിച്ചില്ല -നഷ്ടം 67,080/-രൂപ

പ്രോജക്റ്റ് നം 178/19

നിർവ്വഹണ ഉദ്യോഗസ്ഥൻ – പഞ്ചായത്ത് സെക്രട്ടറി

അടങ്കൽ തുക – 4,00,000/-രൂപ, ചെലവ് തുക – 3,99,880/-രൂപ

ചെലവഴിച്ച തുക -ബിൽ നം 31/4-2-19 1,00,000/- രൂപ വികസനഫണ്ട്.

ചെക്ക് നം 907970/29-1-19 -2,99,880/- രൂപ തനത്ഫണ്ട്.

പഞ്ചായത്തിലെ കോൺഫറൻസ് ഹാളിലെ മൂന്നാം നിലയിലേക്ക് കസേര വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ യുണൈറ്റഡ് ഇൻഡസ്ട്രീസ്, വിഘ്നേശ്വര വിഷ്ണു ഇൻഡസ്ട്രീസ്, റോയൽ എന്റർപ്രൈസസ് എന്നീ സ്ഥാപനങ്ങൾ ടെന്റർ നല്കിയിരുന്നു.ഇതിൽ ഏറ്റവും കുറഞ്ഞ നിരക്കായ 6,400/- രൂപ ക്വാട്ട് ചെയ്ത വിഘ്നേശ്വര വിഷ്ണു ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തെ ഒഴിവാക്കി റോയൽ എന്റർപ്രൈസസിന്റെ 7,690/- രൂപ നിരക്കിലുള്ള ടെന്റർ

അംഗീകരിച്ചിട്ടുള്ളത് വഴി തനത് ഫണ്ടിൽ നിന്നും വികസന ഫണ്ടിൽ നിന്നുമായി 67,080/- രൂപ നഷ്ടമുണ്ടായിട്ടുണ്ട്.

കുറഞ്ഞ നിരക്ക് അംഗീകരിക്കാഞ്ഞതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് ലഭ്യമായ മറുപടിയിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനം 10-9-18ൽ നല്കിയ കത്തിൽ ടെന്ററിൽ നിന്നൊഴിവാക്കണമെന്നറിയിച്ചിട്ടുള്ളതായും ടി കത്ത് ഫയലിൽ ഉൾപ്പെടുത്താൻ വിട്ടുപോയതായും അറിയിച്ചിട്ടുണ്ട്. എന്നാൽ 11-9-18 ലെ കമ്മിറ്റി തീരുമാനം 2.2 പ്രകാരം ടി പ്രോജക്റ്റിന്റെ നിർവ്വഹണത്തിനായി ലഭിച്ച 3 ക്വട്ടേഷനുകളും പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് അംഗീകരിച്ചതായി തീരുമാനിച്ചിട്ടുണ്ട്. ഇതിൽ നിന്ന് 10-9-18ൽ ടെന്ററിൽ നിന്നൊഴിവാക്കുന്നതിനായി കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത വിഘ്നേശ്വര വിഷ്ണു ഇൻഡസ്ട്രീസ് കത്ത് നല്കിയിട്ടില്ലെന്നും ഓഡിറ്റ് എൻക്വയറിയുടെ മറുപടിയോടൊപ്പം സമർപ്പിച്ചിട്ടുള്ള കത്തിലെ ഒപ്പും ആദ്യ ടെന്ററിലെ ഒപ്പും വ്യത്യാസമാണെന്നും ഇത്തരം ഒരു കത്ത് കുറഞ്ഞ നിരക്ക് അംഗീകരിക്കാത്തത് ന്യായീകരിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ളതാണെന്നും വ്യക്തമാകുന്നു. ആയതിനാൽ ടി പ്രോജക്റ്റ് നിർവ്വഹണത്തിന് സ്റ്റോർ പർച്ചേസ് മാർഗ്ഗരേഖയ്ക്കനുസൃതമല്ലാതെ 52 കസേരകൾ വാങ്ങാൻ അധികമായി ചെലവഴിച്ച 67,080/- രൂപ നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

<u>എൻക്വയറി നം. 10/27.06.2019</u>

<u>നിരാകരിച്ച തുക – 67, 080/-രൂപ</u>

## 3-2 വാങ്ങിയ രസീതുകൾ കാണുന്നില്ല

ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കാനായി വാങ്ങിയ രസീതുകൾ സ്റ്റോക്കിലെടുക്കുകയോ ഉപയോഗിക്കുകയോ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

30-5-2018 തീയതിയിലെ 21800144 നമ്പർ വൗച്ചർ പ്രകാരം ചെലവഴിച്ച 9,156/- രൂപ പ്രകാരം വാങ്ങിയ രസീതുകൾ ചുവടെ ചേർക്കുന്നു.

സാംഖ്യാ രസീത് -1,000 എണ്ണം---486/- രൂപ

(സീരിയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല)

ഇൻവേഡ് രസീത് -9000എണ്ണം – (1980001 മുതൽ 1989000)

കാഷ് രസീത് -9000എണ്ണം - (6003001മുതൽ 6012000)

പ്രസ്തുത രസീതുകളിൽ 6003001 മുതൽ 6012000 വരെയുള്ള ക്യാഷ് രസീതു മാത്രമേ സ്റ്റോക്കിലെടുത്തിട്ടുള്ളൂ. ഇൻവേഡ് രസീതുകൾ ഉപയോഗശേഷമുള്ളത് ഭൗതിക പരിശോധനയിൽ ഹാജരാക്കിയിട്ടുണ്ട്. സീരിയൽ നമ്പർ രേഖപ്പെടുത്താതെ വന്നിരിക്കുന്ന 1000 എണ്ണം സാംഖ്യ രസീത് സ്റ്റോക്കിലെടുക്കുകയോ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സീരിയൽ നമ്പർ ഇടാത്തതും, സ്റ്റോക്കിലെടുക്കാത്തതും, ഭൗതികപരിശോധനയ്ക്കായി ഹാജരാക്കാത്തതുമായ 1000

രസീതുകൾ ഉപയോഗിച്ച് പെരിനാട് പഞ്ചായത്തിലോ, മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലോ സാമ്പത്തിക ക്രമക്കേട് നടത്തുവാൻ സാധ്യതയുള്ളതിനാൽ നഷ്ടപ്പെട്ട രസീതുകളെക്കുറിച്ച് വകുപ്പുതലത്തിലോ, ക്ഷമതയുള്ള സ്ഥാനങ്ങളെക്കൊണ്ടോ അന്വേഷണം നടത്തി നിജസ്ഥിതി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. – 11/28.06.2019**

## 3-3 അഡ്വാൻസ് കൈപ്പറ്റിയിട്ടും വീട് മെയിന്റനൻസ് പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ 99/19,87/19

പ്രോജക്ട് -വീട് വാസയോഗ്യമാക്കൽ

വി.ഇ.ഒ നിർവഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ഗുണഭോക്താവിന്റെ പേര്/ വിലാസം | വാർഡ് | കൈപ്പറ്റിയ തുക |
|---|---|---|---|
| 99/19 | വസന്ത,<br>രേഖാഭവനം<br>ഇടവട്ടം | 13 | 50,000 |
| 99/19 | സരസമ്മ,<br>ആലംമ്പള്ളി ജയന്തി കോളനി,<br>തോട്ടംകര | 14 | 30,000 |
| 99/19 | സുമ,<br>കൈകുറമ്പുവിള വീട്, കുഴിയം | 15 | 50,000 |
| 99/19 | കെ. ലത,<br>രമ്യാവിലാസം,<br>വരട്ടുച്ചിറ ജയന്തി കോളനി | 12 | 40,000 |
| 99/19 | മനോജ് ,<br>സജി ഭവനം ,<br>വെള്ളിമൺ | 3 | 45,000 |
| 99/19 | ബലരാമൻ.ഡി.കെ,<br>തുണ്ടുവിള വീട്,ഇടവട്ടം | 9 | 50,000 |

| | | | |
|---|---|---|---|
| 99/19 | പ്രദീപ് റ്റി/ഹസീന<br>മേലതിൽ വീട്,<br>കുഴിയം | 19 | 50,000 |
| 87/19 | ഓമനയമ്മ<br>കൊച്ചുവിള വീട്,<br>കേരളപുരം | 10 | 25,000 |
| 87/19 | സുനിത<br>കുന്നംപുറത്തു വീട് ,<br>വെള്ളിമൺ | 1 | 25,000 |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2019-20 സാമ്പത്തിക വർഷം ആയതിനുവേണ്ടി സ്പിൽ ഓവർ പ്രേജക്ട് വച്ചിട്ടുണ്ടെന്നും വീട് മെയിന്റനൻസ് പൂർത്തിയാകുന്ന മുറയ്ക്ക് തുക നൽകി വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പണി പൂർത്തീകരിച്ച് തുക നൽകിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 15/28.06.2019**

## 3-4 രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റി പകരം തെങ്ങിൻ തൈ നടീൽ- സബ്സിഡി അധികമായി നല്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 95/19 |
| അടങ്കൽ തുക | 2,40,000/- (2,30,000/,വികസനഫണ്ട് ജനറൽ)<br>ഗു.വി.10,000/- |
| ചെലവഴിച്ച തുക | 2,40,000/-(ബിൽ നം 2/5-10-18 , തുക 1,03,500/- 6/26-11-18, തുക 96,500/-,<br>ബിൽ നം 12/11-3-19 ,30,000/-<br>ഗു.വി 10,000/-ചെക്ക് നം 2095690/30-3-19) |

രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പകരം പുതിയ തൈകൾ വയ്ക്കൽ എന്ന പദ്ധതിയിൽ മുറിച്ചുമാറ്റിയ തെങ്ങിന് പകരം നല്കുന്ന തെങ്ങിൻ തൈകൾക്ക് വിലയുടെ 50% സബ്സിഡി പരമാവധി 60/- രൂപയിൽകവിയാതെയാണ് നല്കാവുന്നത്. എന്നാൽ മേൽ പദ്ധതിയിൽ 100/ രൂപ വിലയുള്ള തെങ്ങിൻ തൈ 50% സബ്സിഡിയായ 50/- രൂപ സബ്സിഡി നല്കുന്നതിന് പകരം 75% നല്കിയിരിക്കുന്നു. സബ്സിഡി അധികം നല്കിയതിന്റെ വിവരവും മേൽ പദ്ധതി നടത്തിപ്പിലെ അപാകതകളും ചുവടെ ചേർക്കുന്നു.

1. 2018-19ലേക്ക് ബാധകമായ സബ്സിഡി മാർഗ്ഗ രേഖ (ജി.ഒ.(എം.എസ്)22/18 ത.സ്വ.ഭ.വ തീയതി.14-2-18) ഖ6.1.5 പ്രകാരം പൊതുവായുള്ള തെങ്ങിൻതൈ വിതരണത്തിന് 75% സബ്സിഡി നല്കാവുന്നതാണ്. എന്നാൽ ഖ 8.1.12 പ്രകാരമുള്ള കേട് വന്ന തെങ്ങുകൾ മുറിച്ചുമാറ്റി പകരം പുതിയ തൈകൾ വയ്ക്കൽ എന്ന പദ്ധതിയിലെ തെങ്ങിൻ തൈ വിതരണത്തിനും മറ്റാനുകൂല്യങ്ങൾക്കും കൃഷിവകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കും നിബന്ധനകളും പാലിക്കണമെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ 22-6-18 ലെ TB(1)26383/18 സർക്കുലറിലെ ഖ.f പ്രകാരം മുറിച്ചുമാറ്റിയ തെങ്ങിന് പകരം നല്കുന്ന തെങ്ങിൻ തൈകൾക്ക് വിലയുടെ 50% സബ്സിഡി പരമാവധി 60/- രൂപയിൽകവിയാതെയാണ് നല്കാവുന്നത്. മേൽ പദ്ധതി വഴി രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റിയവർക്ക് 100 രൂപ നിരക്കിൽ 400 തെങ്ങിൻ തൈകൾ KAICO യിൽ നിന്നും 40000/- രൂപയ്ക്ക്( വികസനഫണ്ട് 30,000/- ഗു.വി 10,000/-) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഒരു തെങ്ങിൻ തൈയ്ക്ക് 50 രൂപ വീതം ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിന് പകരം25 രൂപ നിരക്കിൽ ഗുണഭോക്താക്കളിൽ നിന്നും 10,000/- രൂപ മാത്രമാണ് ഗുണഭോക്തൃ വിഹിതമിനത്തിൽ പഞ്ചായത്ത് രസീത് മുഖേന കളക്റ്റ് ചെയ്തിട്ടുള്ളത്. പ്രോജക്ടിലും 25% ഗുണഭോക്തൃവിഹിതമാണ് നിർണ്ണയിച്ചിരിക്കുന്നത്. ഒരു തെങ്ങിൻ തൈയ്ക്ക് 50% സബ്സിഡി ആയ 50 രൂപ സബ്സിഡി ചെലവഴിക്കുന്നതിന് പകരം 75% സബ്സിഡി ആയ 75/- രൂപ നിരക്കിൽ ചെലവഴിച്ചത് മൂലം 10,000/-രൂപ (400 x 25) വികസനഫണ്ടിൽ നിന്നും അധികം ചെലവഴിച്ചിരിക്കുന്നു. സബ്സിഡിയിനത്തിൽ അധികമായി ചെലവഴിച്ച 10,000/-രൂപ രൂപ നിരാകരിക്കുന്നു. അധികമായി നല്കിയ തുക ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി വികസനഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പൊതുവായുള്ള തൈ വിതരണത്തിനുള്ള നിരക്കിൽ നൽകിയെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

2. മേൽ പദ്ധതി തയ്യാറാക്കുമ്പോൾ അടങ്കൽ തുക നിർണ്ണയിക്കേണ്ടത് രോഗം ബാധിച്ച തെങ്ങുകളുടെ എണ്ണം സംബന്ധിച്ച് കൃഷി അസിസ്റ്റന്റുമാർ തയ്യാറാക്കുന്ന ഫീൽഡ് സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ രോഗം ബാധിച്ച തെങ്ങുകളുടെ എണ്ണമോ ഗുണഭോക്താക്കളെയോ നിർണ്ണയിക്കുന്ന ഫീൽഡ് സർവ്വേ റിപ്പോർട്ട് തയ്യാറാക്കാതെയാണ് തെങ്ങ് മുറിച്ചുമാറ്റിയതിനുള്ള സബ്സിഡി ഗുണഭോക്താക്കൾക്ക് നല്കിയിട്ടുള്ളത്.

**ഓഡിറ്റ് എൻക്വയറി നം 6/27-6-19**

**നിരാകരിക്കുന്ന തുക 10,000/-രൂപ**

# 3-5 പെരിനാടൻ ജൈവ പച്ചക്കറികൃഷി-പദ്ധതി നടത്തിപ്പിലെ അപാകതകൾ.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 9/19,പെരിനാടൻ<br>ജൈവ പച്ചക്കറികൃഷി. |
| അടങ്കൽ തുക | 7,69,060/-<br>(7,31,560/,വികസനഫണ്ട് ജനറൽ)<br>മറ്റുള്ളവ 37,500/- |
| ചെലവഴിച്ച തുക | 7,31,560/-<br>(ബിൽ നം 9/21-1-19 , തുക-3,30,000/- 10/21-1-19, തുക-2,52,315/-,<br>ബിൽ നം 13/11-3-19 ,1,49,245/-രൂപ |

10 സെന്റ് കൃഷി ഭൂമിക്ക് 500തൈ എന്ന നിരക്കിലും തൈകൾക്കാനുപാതികമായ വളം, കൂലിച്ചെലവ് എന്നിവയ്ക്ക് സബ്സിഡി നല്കുന്നതിനുമായാണ് മേൽപദ്ധതി തയ്യാറാക്കിയിരുന്നത്. മേൽ പദ്ധതി ചെലവുകൾ പരിശോധിച്ചതിൽ 1,50,000 പച്ചക്കറിതൈകൾ വാങ്ങുന്നതിനായി 3,30,000/- രൂപയും (@2.2) വളത്തിന് സബ്സിഡി ആയി 99,640/- രൂപയും കൂലിച്ചെലവ് സബ്സിഡി ആയി 301920/- രൂപയുമുൾപ്പെടെ 7,31,560/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത് . 150000 തൈകൾ മാത്രമാണ് പദ്ധതി വഴി വാങ്ങിയതെങ്കിലും വിതരണസ്റ്റേറ്റ്മെന്റിൽ 220000 തൈകൾ വിതരണം ചെയ്തതായും അതിനാനുപാതികമായ വളം സബ്സിഡി,കൂലിച്ചെലവ് സബ്സിഡി എന്നിവ നല്കിയതായുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 150000 തൈകൾ വാങ്ങുകയും 220000 തൈകൾക്ക്സബ്സിഡി നല്കിയതും സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് കർഷകർ സ്വന്തമായി നടത്തുന്ന പച്ചക്കറികൃഷിക്ക് കൂടി വളം സബ്സിഡി, കൂലിച്ചെലവ് സബ്സിഡി എന്നിവ നല്കിയതായാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത് . പദ്ധതി അംഗീകരിച്ചതിന് ശേഷം നടത്തിപ്പ് രീതിയിൽ വ്യത്യാസം വരുത്തുന്നത് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. പദ്ധതി രൂപീകരണ ഘട്ടത്തിൽ തന്നെ ആവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി അംഗീകാരം വാങ്ങേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം 3/25-6-19

# 3-6 കറവപ്പശുവിനെ വളർത്തൽ - സബ്സിഡി അധികം നല്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്റ്റ് നം | 70/19, കറവപ്പശു വളർത്തൽ |
| അടങ്കൽ തുക | 660000/-(വികസനഫണ്ട് ജനറൽ) |

| | |
|---|---|
| | - |
| ചെലവഴിച്ച തുക | 6,05,000/-(ബിൽ നം 6/17-10-18 , തുക 82,500/-,<br>ബിൽ നം 8/23-10-18,82,500/- ,ബിൽ നം 12/25-10-18 ,55,000/<br>ബിൽ നം 13/25-10-18 ,82,500/- ബിൽ നം 16/12-11-18 തുക 27,500/-, ബിൽ നം 18/14-11-18 55,000/ ബിൽ നം 20/14-11-18 82,500/-, ബിൽ നം 21/14-11-18,82,500/- ബിൽ നം 22/30-11-18 27,500/- ബിൽ നം 33/18-1-18 27,500/- |

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതി വഴി 22 ക്ഷീര കർഷകർക്ക് കറവപ്പശുക്കളെ വാങ്ങിയതിനുള്ള സബ്സിഡി തുക 27,500/- രൂപ നിരക്കിൽ 6,05,000/- രൂപ പശുവിനെ നല്കിയവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്.പദ്ധതി പരിശോധനയിൽ 50,000/- രൂപയ്ക്ക് പശുവിനെ വാങ്ങിയവർക്കും 50% സബ്സിഡി നല്കുന്നതിന് പകരം 27,500/- രൂപ നല്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

2018-19ലേക്ക് ബാധകമായ സബ്സിഡി മാർഗ്ഗ രേഖ (ജി.ഒ.(എം.എസ്)22/18 ത.സ്വ.ഭ.വ തീയതി.14-2-18) ഖ6.2.1.പ്രകാരം പശുവിനെ വാങ്ങുന്നതിന് നല്കാവുന്ന സബ്സിഡി പശുവിന്റെ വിലയുടെ 50% പരമാവധി 27,500/- രൂപയിൽ കവിയാതെയാണ്. എന്നാൽ മേൽ പദ്ധതിയിലെ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ പശുവിന്റെ മാർക്കറ്റ് വില 50000/- എന്ന് വെറ്ററിനറിസർജൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും 50,000/- രൂപയ്ക്ക് ഇൻഷ്വർ ചെയ്തിട്ടുള്ളതുമായ പശുക്കളെ വാങ്ങിയതിനും 50% തുകയായ 25,000/- നല്കുന്നതിന് പകരം പരമാവധി സബ്സിഡി ആയ 27,500/- രൂപ നല്കിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | വെറ്ററിനറി സർജൻ സാക്ഷ്യപത്രം ,ഇൻഷ്വറൻസ് രേഖകൾ എന്നിവ പ്രകാരം പശുവിന്റെ വില (₹) | നല്കാവുന്ന സബ്സിഡി (വിലയുടെ 50%) (₹) | നല്കിയ സബ്സിഡി (₹) | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|
| 1 | മുബീന,എച്ച്. എച്ച് മൻസിൽ | 50,000/- | 25,000/- | 27,500/- | 2,500/- |
| 2 | രജിതാകുമാരി, നെല്ലുവിള പുത്തൻ വീട് | 50,000/- | 25,000/- | 27,500/- | 2,500/- |
| 3 | നിഷ,കല്ലുവിള പുത്തൻ വീട് | 50,000/- | 25,000/- | 27,500/- | 2,500/- |
| 4 | അനിതാകുമാരി, കൃഷ്ണ വിലാസം | 50,000/- | 25,000/- | 27,500/- | 2,500/- |
| 5 | ബിജി.വി,അമൃത | 50,000/- | 25,000/- | 27,500/- | 2,500/- |
| 6 | ഗീതാകുമാരി,ഓലിക്കര വടക്കതിൽ | 50,000/- | 25,000/- | 27,500/- | 2,500/- |
| 7 | സിന്ധു.എം, വൽസലാഭവനം | 50,000/- | 25,000/- | 27,500/- | 2,500/- |
| 8 | സൂസി,പ്രേം നിവാസ് | 50,000/- | 25,000/- | 27,500/- | 2,500/- |
| 9 | ഉഷാകുമാരി ,ഉഷാഭവനം | 50,000/- | 25000/- | 27500/- | 2,500/- |
| 10 | രാജിമോൾ,ചന്ദ്രവിലാസം | 50,000/- | 25,000/- | 27,500/- | 2,500/- |
| 11 | അംബികായേശുദാസൻ, പുത്തൻവീട് | 50,000/- | 25,000/- | 27,500/- | 2,500/- |
| 12 | അനിതാകുമാരി.പി, അനിൽഭവനം | 50,000/- | 25,000/- | 27,500/- | 2,500/- |
| 13 | പത്മകുമാരി,അനീഷാഭവനം | 50,000/- | 25,000/- | 27,500/- | 2,500/- |
| 14 | അമ്പിളി,ഇടയില വീട് | 50,000/- | 25,000/- | 27,500/- | 2500/- |
| 15 | രാധാമണിയമ്മ, രഞ്ചു നിവാസ് | 50,000/- | 25,000/- | 27,500/- | 2,500/- |
| 16 | ശോഭനാദേവിയമ്മ,ലേഖാഭവനം | 50,000/- | 25,000/- | 27,500/- | 2,500/- |

| | | | | | |
|---|---|---|---|---|---|
| 17 | ഷീല.ജെ,കൊല്ലന്റെ മേലതിൽ | 50,000/- | 25,000/- | 27,500/- | 2,500/- |
| 18 | മണി,ഓലിക്കര വടക്കതിൽ | 50,000/- | 25,000/- | 27,500/- | 2,500/- |
| | | | | ആകെ | 45000/- |

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികമായി നല്കിയ 45000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.പ്രസ്തുത തുക മേൽ ഗുണഭോക്താക്കളിൽ നിന്നും ഇടാക്കി യഥാഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം സൂചിപ്പിച്ചു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം 13/28-6-19

നിരാകരിക്കുന്ന തുക 45,000/-രൂപ

## 3-7 മെറിറ്റോറിയസ് സ്കോളർഷിപ്പ് -അനുവദനീയമായതിലും അധികം തുക നല്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ് |
| പ്രോജക്റ്റ് നം | 77/19 – മെറിറ്റോറിയസ് സ്കോളർഷിപ്പ് . |
| അടങ്കൽ തുക | 100,000/-രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവഴിച്ച തുക | 100,000/-രൂപ<br>(ബിൽ നം - 7/31-12-18 50,000/-,ബിൽ നം - 8/4-2-19 50,000/-) |

മേൽ പദ്ധതി വഴി ബിരുദത്തിന് പഠിക്കുന്ന നാല് വിദ്യാർത്ഥികൾക്ക്

25,000/- രൂപ നിരക്കിൽ 1,00,000/- രൂപ സ്കോളർഷിപ്പ് നല്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ go(ms) no 22/18 dtd 4-2-18 ഖ.7.2.5പ്രകാരം ബിരുദ വിദ്യാർത്ഥികൾക്ക് നല്കാവുന്ന സ്കോളർഷിപ്പ് തുക 20,000/- രൂപയാണ്.

മേൽ പദ്ധതി വഴി 25,000/- രൂപ കൈപ്പറ്റിയ ബിരുദ വിദ്യാർത്ഥികളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| പേര്, മേൽവിലാസം, വാർഡ്നമ്പർ | വിദ്യാഭ്യാസ യോഗ്യത | നല്കിയ തുക (₹) | നല്കാവുന്ന തുക (₹) | അധികം (₹) |
|---|---|---|---|---|
| ആതിര.എസ്, സുനിൽ ഭവനം,2 | ബി.എ.ഇക്കണോമിക്സ് 5th സെമസ്റ്റർ | 25,000/- | 20,000/- | 5,000/- |
| അരുണിമ.എസ്, തിരുവാതിരയിൽ,2 | ബി.എസ്.സി.ഹോം സയൻസ് സെക്കന്റ് സെമസ്റ്റർ | 25,000/- | 20,000/- | 5,000/- |
| അഞ്ചു സുദനൻ, | ബി.എ.ഇംഗ്ലീഷ് 6th സെമസ്റ്റർ | 25,000/- | 20,000/- | 5,000/- |

| | | | | |
|---|---|---|---|---|
| കുന്നമ്മൽ വീട്,10 | | | | |
| | | | അധികം | 15,000/- |

സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികമായി നല്കിയ 15,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക മേൽ ഗുണഭോക്താക്കളിൽ നിന്നും ഇടാക്കി യഥാഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് പദ്ധതികൾ നടപ്പിലാക്കി മുൻ പരിചയമില്ലാത്തതിനാലും പദ്ധതിയിൽ 25,000/- രൂപ നല്കണമെന്ന് രേഖപ്പെടുത്തിയിരുന്നതിനാലുമാണ് അധികം തുക നല്കിയതെന്ന് ഹെഡ്മിസ്ട്രസ് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി വിവരം ബോധ്യപ്പെടുത്തേണ്ടതാണ്.

<u>ഓഡിറ്റ് എൻക്വയറി നം 1/24-6-19</u>

<u>നിരാകരിക്കുന്ന തുക 15,000/-രൂപ</u>

## 3-8 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ സ്കൂളുകൾക്ക് കമ്പ്യൂട്ടർ പർച്ചേസ് നടത്തി -അധികച്ചെലവ് 15800/-

| നിർവ്വഹണോദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
|---|---|
| പ്രോജക്റ്റ് നം | 119/18 വിട്ടു കിട്ടിയ സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ (വെറ്റിനറി ഹോസ്പിറ്റൽ , കുഴിയം എൽ.പി.എസ്) |
| അടങ്കൽ തുക | 2,00,000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവഴിച്ച തുക | 1,61,600/-രൂപ<br>(ബിൽ നം - 21/13-11-18) |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി വഴി 3 കമ്പ്യൂട്ടറുകളും (@ 38,900/-രൂപ) 3 പ്രിന്ററുകളും(@13,900/-രൂപ) 2 യു.പി.എസും (@1,600/- രൂപ ) 1,61,600/- രൂപ ചെലവഴിച്ച് വാങ്ങി വെറ്ററിനറി ഹോസ്പിറ്റൽ,കുഴിയം എൽ .പി.എസ് എന്നീ സ്ഥാപനങ്ങളിലേക്ക് നല്കിയിട്ടുണ്ട്. 2 കമ്പ്യൂട്ടറുകളും 2 പ്രിന്ററും ഒരു യു.പി.എസുമാണ്. കുഴിയം എൽ.പി.എസി ന് നല്കിയിരിക്കുന്നത്. സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങി നല്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ള പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 6.1.18ലെ Go(Rt)97/18 ഉത്തരവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് എം.പി./ എം.എൽ.എ.ഫണ്ട് എന്നിവ ഉപയോഗിച്ച് സ്കൂളുകൾക്ക് കംപ്യൂട്ടറുകൾ വാങ്ങി നല്കുമ്പോൾ പാലിക്കേണ്ട മിനിമം സ്പെസിഫിക്കേഷനുകൾ ,ഈടാക്കാവുന്ന പരമാവധി തുക എന്നിവ വ്യക്തമാക്കിയിട്ടുണ്ട്.പ്രസ്തുത ഉത്തരവിന്റെ ഖ.5ൽ പോർട്ടബിലിറ്റി ,പവർ ബാക്ക് അപ്,വൈദ്യുതി ഉപയോഗം തുടങ്ങിയവ പരിഗണിച്ച് സ്കൂളുകളിൽ ലാപ്ടോപ് കമ്പ്യൂട്ടറുകൾ 31,000/- രൂപയിലധികരിക്കാതെ വാങ്ങി നല്കണമെന്നും ടി കമ്പ്യൂട്ടറുകളുടെ ഓപ്പറേറ്റിംഗ് സിസ്റ്റം IT@school edubuntu 14.04ആയിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങളൊന്നും പാലിക്കാതെ വിൻഡോസ് 10 പ്രൊഫഷണൽ സോഫ്റ്റ്വെയറോട്

കൂടിയ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളാണ് വാങ്ങി നല്കിയിരിക്കുന്നത്. മേൽ ഉത്തരവ് പ്രകാരം സ്കൂളുകൾക്ക് വാങ്ങി നല്കുന്ന കമ്പ്യൂട്ടറുകൾക്ക് വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും ഒരെണ്ണത്തിന് ചെലവഴിക്കാവുന്ന പരമാവധി തുക 31,000/-രൂപയാണ്. സ്കൂളിന്റെ ഓഫീസ് ഉപയോഗമോ, പഠനോപയോഗമോ ഉൾപ്പെടെയുള്ള ഏതാവശ്യത്തിനായാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മേൽ ഉത്തരവിന് വിരുദ്ധമായി പദ്ധതി നടത്താനനുമതിയില്ലാത്തതിനാൽ മേൽ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് വേണ്ടി അധികമായി ചെലവഴിച്ച 15800/- രൂപ (7900 x 2)- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. അധികമായി ചെലവഴിച്ച തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല.

**ഓഡിറ്റ് എൻക്വയറി നം- 12/28-6-19**

**നിരാകരിച്ച തുക-15,800/-രൂപ**

## 3-9 കുറഞ്ഞവില രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കി കമ്പ്യൂട്ടർ പർച്ചേസ് നടത്തി -49400/- രൂപയുടെ അധികച്ചെലവ്.

1. പ്രോജക്റ്റ് നം 75/19 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് |
| അടങ്കൽ തുക | 48,000/-രൂപ (വികസനഫണ്ട് ജനറൽ) |
| ചെലവഴിച്ച തുക | 4,70,240/-<br>(ബിൽ നം 12/26-3-19 , 88,170/-<br>ബിൽ നം 13/26-3-19 , 88,170/-,<br>ബിൽ നം 14/26-3-19 , 88,170/-,<br>ബിൽ നം 15/26-3-19 , 88,170/-<br>ബിൽ നം 16/26-3-19 , 88,170/-<br>ബിൽ നം 17/26-3-19 29,390/-) |

2.പ്രോജക്ട് നം 16/19 മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| അടങ്കൽ തുക | 90,000/-(വികസനഫണ്ട് ജനറൽ) |
| ചെലവഴിച്ച തുക | 88,170/-(ബിൽ നം 6/19-3-19 , 88,170/- |

മേൽ രണ്ട് പദ്ധതികൾക്കുമായി ടെണ്ടർ ക്ഷണിച്ച് സ്ഥാപനത്തെ നിർണ്ണയിച്ചത് പഞ്ചായത്ത് കമ്മിറ്റിയാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ 6.3.19 ലെ 5.5 തീരുമാനപ്രകാരം എഫ്.1 സൊല്യൂഷൻ എഴുകോൺ എന്ന സ്ഥാപനത്തിൽ നിന്നും 29,390/- രൂപയ്ക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് ഫിഷറീസ് സബ് ഇൻസ്പെക്ടറെയും ഹെഡ്മിസ്ട്രസിനെയും ചുമതലപ്പെടുത്തിയിരുന്നു. മേൽ പദ്ധതിയുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

മേൽ പദ്ധതിക്ക് വേണ്ടി 28-2-19 ൽ നടന്ന റീ ടെണ്ടറിൽ 3 ടെണ്ടറുകൾ ലഭിച്ചതിൽ മിഡ് ലെവൽ സ്പെസിഫിക്കേഷനുകളോട് (ടെണ്ടർ പരസ്യത്തിൽ ആവശ്യപ്പെട്ടിരുന്നത്) കൂടിയ 2 ടെണ്ടറുകൾ എഫ് 1 സൊല്യൂഷൻ എന്ന സ്ഥാപനത്തിന്റെയും ഫ്യൂച്ചർടെക്ക് എന്ന സ്ഥാപനത്തിന്റേതുമായിരുന്നു. രണ്ട് സ്ഥാപനങ്ങളും ബാറ്ററി , ചാർജർ എന്നിവയ്ക്കുൾപ്പെടെ OEM വാറന്റി നല്കിക്കൊണ്ടുള്ള ടെണ്ടറുകളാണ് സമർപ്പിച്ചിരുന്നത് . എഫ് 1 സൊല്യൂഷൻ 29,390/- രൂപയും ഫ്യൂച്ചർടെക്ക് 26,790/- രൂപയുമാണ് ഒരു ലാപ്ടോപ്പിന്റെ വിലയായി ടെണ്ടർ ചെയ്തിരുന്നത് (ടെണ്ടർ നോട്ടീസുകളുടെ പകർപ്പുകൾ ഫയലിനോടൊപ്പം). എന്നാൽ കുറഞ്ഞ വില ക്വോട്ട് ചെയ്ത ഫ്യൂച്ചർടെക്കിനെ ഒഴിവാക്കി എഫ് 1 സൊല്യൂഷനിൽ നിന്നും 29,390/- രൂപയ്ക്ക് 19 കമ്പ്യൂട്ടർ ( ഫിഷറീസ് 3, പട്ടികജാതി പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് 16) രണ്ട് പദ്ധതികളിലായി വാങ്ങി നല്കിയിട്ടുണ്ട്. കുറഞ്ഞ വില ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയതിന്റെ കാരണം വിശദമാക്കുകയോ ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി, പ്രൊക്യൂർമെന്റ് കമ്മിറ്റി,എന്നിവയിൽ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല.മേൽ വിഷയം സംബന്ധിച്ച് സെക്രട്ടറിക്ക് എൻക്വയറി നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഹെഡ്മിസ്ട്രസ്സ് എന്നിവർക്ക് നല്കിയ എൻക്വയറിയുടെ മറുപടിയിൽ ഫ്യൂച്ചർടെക്ക് എന്ന സ്ഥാപനം ബാറ്ററി , ചാർജർ എന്നിവയ്ക്ക് 1വർഷ വാറന്റിയാണ് ഹാജരാക്കിയതെന്ന മറുപടി മാത്രമാണ് ലഭ്യമാക്കിയത് .

കുറഞ്ഞ വില ക്വോട്ട് ചെയ ഫ്യൂച്ചർടെക്കിനെ ഒഴിവാക്കി എഫ് 1 സൊല്യൂഷനിൽ നിന്നും 29390/- രൂപയ്ക്ക് 19 ലാപ്ടോപ്പ് 558410/- (470240/-+88170/-) രൂപയ്ക്ക് രണ്ട് പദ്ധതികളിലുമായി ലാപ്ടോപ്പ് വാങ്ങി നല്കിയത് മൂലം പഞ്ചായത്ത് ഫണ്ടിന് 49400/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് . നഷ്ട തുകയായ 49400/- രൂപ കൂടിയ വില ക്വോട്ട് ചെയ്ത സ്ഥാപനത്തെ തിരഞ്ഞെടുത്ത സെക്രട്ടറി, 6-3-19 ലെ പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം 12/28-3-19**
**നിരാകരിക്കുന്ന തുക 49,400/-രൂപ**

## 3-10 ഗ്രാമ പഞ്ചായത്ത് കോൺഫറൻസ് ഹാളിലേക്ക് എയർ കണ്ടീഷൻ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം 1 | നം 126/19ഗ്രാമ പഞ്ചായത്ത് കോൺഫറൻസ് ഹാളിലേക്ക് എയർ കണ്ടീഷൻ |
| അടങ്കൽ തുക | 1,50,000/- (തനത്ഫണ്ട് ) |
| ചെലവഴിച്ച തുക | 1,47,000/-<br>(ചെക്ക് നം907953/18-12-18) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം 2 | നം 194/19 ഗ്രാമ പഞ്ചായത്ത് കോൺഫറൻസ് ഹാളിലേക്ക് എയർ കണ്ടീഷൻ |

| | |
|---|---|
| അടങ്കൽ തുക | 2,00,000/-(തനത്ഫണ്ട് ) |
| ചെലവഴിച്ച തുക | 1,99,998/-<br>(ബിൽ നം21/13-11-18 തുക 1,33,332/-,<br>ബിൽ നം 39/6-3-19 66,666/-) |

1).സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കാതെ പദ്ധതി രൂപീകരിച്ചു.

സ്റ്റോർ പർച്ചേസ് മാനുവൽ ഖ.6.1ൽ സ്റ്റോർ പർച്ചേസുകൾക്ക് വേണ്ടിയുള്ള പദ്ധതികളിൽ ആവശ്യമായ സാധനങ്ങളുടെ പട്ടിക മുൻകൂട്ടി തയ്യാറാക്കണമെന്നും അതിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തണമെന്നും ആവശ്യകത കൃത്യമായി എസ്റ്റിമേറ്റ് ചെയ്യണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി നിർദ്ദേശങ്ങൾ പാലിക്കാതെ കോൺഫറൻസ് ഹാളിലേക്ക് എ.സി.വാങ്ങുന്നതിനു വേണ്ടി സ്പിൽ ഓവർ പ്രോജക്റ്റായി (115/18 2017-18) 2018-19 ൽ അംഗീകാരം വാങ്ങിയ 126/19 എന്ന പദ്ധതി വഴി 1.5 ടൺ ഉള്ള 3 എ.സി.വാങ്ങിയിരുന്നു.
(ചെലവഴിച്ച തുക- 1,47,000/-) . ടി.എ.സികൾ മതിയാകില്ല എന്ന കാരണത്താൽ എ.സി വാങ്ങുന്നതിനായി മറ്റൊരു പദ്ധതി കൂടി രൂപീകരിച്ച് 2.2 ടൺ ഉള്ള 3 എ.സികൾ കൂടി വാങ്ങി( ചെലവഴിച്ച തുക199998/-). രണ്ടാമത് തയ്യാറാക്കിയ പദ്ധതിയിലും മതിയായ തുക വകയിരുത്താഞ്ഞതിനാൽ അടങ്കൽ തുക വർദ്ധിപ്പിക്കുന്നതിനായി വീണ്ടും പദ്ധതിയിൽ ഭേദഗതി വരുത്തി.

2). 1846 സ്ക്വയർ ഫീറ്റ് വിസ്തൃതിയും 2.6 മീറ്റർ ഉയരവുമുള്ള മേൽ ഹാളിന് എത്ര ടൺ ഉള്ള എ സികളാണ് ആവശ്യമെന്നുള്ള പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ സാക്ഷ്യപത്രം ഇല്ലാതെയാണ് രണ്ട് പദ്ധതികളിലായി എ.സികൾ വാങ്ങിയിരിക്കുന്നത്.

3).എ.സി.വാങ്ങുന്നതിന് ആദ്യഘട്ടത്തിൽ നടത്തിയ പദ്ധതിയിൽ റീടെണ്ടറിലും ഏകടെണ്ടർ ലഭിച്ചപ്പോൾ ടി സ്ഥാപനവുമായി നെഗോസിയേഷൻ നടത്തിയിട്ടില്ല.

4).194/19 എന്ന രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കിയപ്പോഴും മതിയായ തുക വകയിരുത്തിയില്ല. രണ്ട് എ.സികൾ 133332/- രൂപയ്ക്ക് വാങ്ങിയതിന് ശേഷമാണ് 6.2.19 ൽ അടങ്കൽ തുക 2,00,000/-മായി വർദ്ധിപ്പിച്ച് വീണ്ടും പ്രോജക്റ്റ് ഭേദഗതി ചെയ്തത്.

വ്യക്തമായ എസ്റ്റ്മേറ്റോ ബജറ്റ് വകയിരുത്തലോ ആവശ്യകതയോ നിർണ്ണയിക്കാതെ പദ്ധതി നിർവ്വഹണം നടത്തിയതിന്റെ കാരണം അന്വേഷിച്ചു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിലുള്ള 6 എ.സികളും കോൺഫറൻസ് ഹാളിന് ആവശ്യമുണ്ടോയെന്ന് പഠനം നടത്താതെ പർച്ചേസ് നടത്തിയതിനാൽ എ.സി.കളുടെ ആവശ്യകത സംബന്ധിച്ച് പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുക 3,46,998/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**ഓഡിറ്റ് എൻക്വയറി നം 12/28-6-19**

**തടസ്സപ്പെടുത്തുന്ന തുക 3,46,998/-രൂപ**

## 3-11 പത്താം തരം പ്ലസ് ടു തുല്യതാ പഠിതാക്കൾക്ക് പരീക്ഷാഫീസ് അടവാക്കൽ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ് |
| പ്രോജക്റ്റ് നം | 69/19 പത്താം തരം പ്ലസ് ടു തുല്യതാ പഠിതാക്കൾക്ക് പരീക്ഷാഫീസ് അടവാക്കൽ. |
| അടങ്കൽ തുക | 73,500/-(വികസനഫണ്ട് ജനറൽ) |
| ചെലവഴിച്ച തുക | 73,500/-<br>(ബിൽ നം - 6/15-12-18 |

മേൽ പദ്ധതി വഴി പ്ലസ് ടു തുല്യതക്കായി 16 ജനറൽ പഠിതാക്കൾക്ക് പരീക്ഷാഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നീയിനത്തിൽ 40,000/- രൂപയും 22 എസ്.സി വിദ്യാർത്ഥികൾക്ക് 300 രൂപ വീതം 6,600/- രൂപയും ഉൾപ്പെടെ 46,600/- രൂപയും പത്താംതരം തുല്യത 14 ജനറൽ പഠിതാക്കൾക്ക് പരീക്ഷാഫീസ്,രജിസ്ട്രേഷൻ ഫീസ് എന്നീയിനത്തിൽ 1,850/- രൂപ വീതം 25,900/- രൂപയും 10 എസ്.സി വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ ഫീസ് 1,000/- രൂപയും ഉൾപ്പെടെ 26,900/- രൂപയും കേരള സ്റ്റേറ്റ് ലിറ്ററസി മിഷന് നല്കിയിട്ടുണ്ട്. മേൽ പദ്ധതി പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്ലസ്ടു തുല്യതയുള്ള 22 എസ്.സി വിദ്യാർത്ഥികൾക്ക് 300 രൂപ വീതം രജിസ്ട്രേഷൻ ഫീസ് അടച്ചിട്ടുണ്ടങ്കിലും 20 പേരുടെ അപേക്ഷകൾ മാത്രമാണ് ഹാജരാക്കിയത്.

2. പത്താംക്ലാസ്സ് തുല്യതയുള്ള 14 ജനറൽ പഠിതാക്കൾക്ക് 1,850/- രൂപ വീതം പരീക്ഷാഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നിവ അടച്ചിട്ടുണ്ടെങ്കിലും 10 പേരുടെ അപേക്ഷകൾ മാത്രമാണ് ഹാജരാക്കിയത്.

3.പത്താംക്ലാസ്സ്തുല്യതയുള്ള 10 എസ്.സി വിദ്യാർത്ഥികൾക്ക് 100/-രൂപ വീതം രജിസ്ട്രേഷൻ ഫീസ് അടച്ചിട്ടുണ്ടെങ്കിലും 7 പേരുടെ അപേക്ഷകൾ മാത്രമാണ് ഹാജരാക്കിയത്.

4. പഠിതാക്കളുടെ അപേക്ഷകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും പരീക്ഷയ്ക്ക് ഹാജരായതിന്റെയോ പരീക്ഷ പാസ്സായതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ രേഖകളുടെ അഭാവത്തിൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 73,500/-രൂപ തടസ്സപ്പെടുത്തുന്നു.രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**ഓഡിറ്റ് എൻക്വയറി നം 1/24-6-19**
**തടസ്സപ്പെടുത്തുന്ന തുക – 73,500/-രൂപ**

## 3-12 മെഡിക്കൽ ഓഫീസർമാർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്നുകളും ഉപകരണങ്ങളും വാങ്ങി

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ പി.എച്ച്.സിയ്ക്ക് മരുന്നവാങ്ങൽ, പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി മരുന്ന വാങ്ങൽ എന്നീ പദ്ധതികൾക്കായി നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്നകൾ വാങ്ങി. ബിൽ നമ്പരുകൾ 6/28.11.2018, 9/19.12.2018, 10/19.12.2018, 4/29.10.2018 പ്രകാരം പിൻവലിച്ച് തുകകൾ നൽകിയിട്ടുള്ള മരുന്നുകളുടെ, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നുള്ള 29.03.2019 ലെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റുകളാണ് ലഭ്യമായിരിക്കുന്നത് (സർട്ടിഫിക്കറ്റ് നം NAC No. KL00271/NAC/00003/18-19 Dated 27.02.2019, KL00271/NAC/00001/18-19 Dated 27.02.2019 , KL00271/NAC/00004/18-19 Dated 28.02.2019). മരുന്നുകൾ ലഭ്യമാക്കാൻ തുക കൈപ്പറ്റിയിരിക്കുന്ന സ്ഥാപനത്തിൽ നിന്നു തന്നെ തുക കൈപ്പറ്റിയതിനുശേഷം നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിരിക്കുന്നത് അംഗീകരിക്കാനാകില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

<u>മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല</u>

മെഡിക്കൽ ഓഫീസർ ആയുർവേദം, മെഡിക്കൽ ഓഫീസർ പി.എച്ച്.സി, മെഡിക്കൽ ഓഫീസർ ഹോമിയോ എന്നിവർ നിർവ്വഹണം നടത്തിയ ആശുപത്രികൾക്ക് മരുന്നുവാങ്ങൽ പദ്ധതിയ്ക്കായി വിവിധ സ്ഥാപനങ്ങൾക്കായി തുക നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല . വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>1. മെഡിക്കൽ ഓഫീസർ ആയുർവേദം</u>

( പ്രോ.നം S0043/19)

ചെലവഴിച്ച തുക - 8ലക്ഷം രൂപ

ലഭ്യമായ മരുന്നിന്റെ വില - 7,54,863/-രൂപ

ലഭിക്കാനുള്ള മരുന്നിന്റെ വില – 45,148/-രൂപ

| ബിൽനം/ തീയതി | നൽകിയ തുക സ്ഥാപനം | പ്രൊഫോർമ ഇൻവോയിസ് നം/തീയതി | ലഭിച്ചമരുന്നിന്റെ ഇൻവോയിസ് നം/തീയതി | ലഭിച്ച മരുന്നിന്റെ വില |
|---|---|---|---|---|
| 1/18-19/ 25.09.2018 | 2,00,000/- ഭേഷജം | BH024/ 11.06.2018 | 0000233/ 18.06.2018 | 1,51,278/- |
| | | | 0000391/ 24.07.2018 | 48,733/- |
| 4/18-19/ 25.10.2018 | 600000/- ഔഷധി | 61713/ 05.10.18 | 90092680/ 30.11.2018 | 3,32,721/- |
| | | | 90100682/ | 37,257/- |

| | | | | |
|---|---|---|---|---|
| | | | 31.01.2019 | |
| | | | 90111498/ 31.03.2019 | 1,84,874/- |

2.<u>മെഡിക്കൽ ഓഫീസർ ഹോമിയോ</u>

( പ്രോ.നം S0058/19)

ചെലവഴിച്ച തുക – 2,50,000/- രൂപ

ലഭ്യമായ മരുന്നിന്റെ വില - 78,872/-രൂപ

ലഭിക്കാനുള്ള മരുന്നിന്റെ വില – 1,71,128/-രൂപ

| ബിൽനം/ തീയതി | നൽകിയ തുക സ്ഥാപനം | പ്രൊഫോർമ ഇൻവോയിസ് നം/തീയതി | ലഭിച്ചമരുന്നിന്റെ ഇൻവോയിസ് നം/ തീയതി | ലഭിച്ച മരുന്നിന്റെ വില |
|---|---|---|---|---|
| 1/15.10.2018 | 2,50,000 കേരളാസ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി | 686/ 14.09.18 | LF 1822/ 29.03.2019 | 78,872/- |

3.<u>മെഡിക്കൽ ഓഫീസർ പി.എച്ച്.സി</u>

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ പി.എച്ച്.സിയ്ക്ക് മരുന്നുവാങ്ങൽ, പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി മരുന്ന് വാങ്ങൽ എന്നീ പദ്ധതികൾക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്, നമ്പർ | ചെലവഴിച്ച തുക | ബിൽ നം,തീയതി | പ്രൊഫോർമ്മ ഇൻവോയിസ് നം |
|---|---|---|---|
| പി.എച്ച്.സിയ്ക്ക് മരുന്നുവാങ്ങൽ 79/18-19 | 1,00,000/- | 6/28.11.2018 | PRF2350/ 13.11.18 |
| ജീവിതശൈലി രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ 80/18-19 | 2,00,000 | 9/19.12.2018 | PRF2613/ 23.11.18 |
| | 1,43,786 | 10/19.12.2018 | PRF3169/ 12.12.18 |
| പാലിയേറ്റീവ് കെയർ മരുന്നുകൾ വാങ്ങൽ (78/18-19) | 1,50,000 | 4/29.10.2018 | PRF 1209/ 14.09.2018 |
| പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വാങ്ങൽ (78/18-19) | 99,941 | 4/29.10.2018 | PRF 1261/ 17.09.2018 |

ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. – 14/26.06.2019**

## 3-13 വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയില്ല.

ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതിനാൽ തുകകൾ തടസ്സപ്പെടുത്തുന്നു. വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | പദ്ധതിയുടെ പേര്, നം./ അടങ്കൽ തുക ചെലവഴിച്ച തുക (ബിൽ നം), | നിർവ്വഹണോ ദ്യോഗസ്ഥൻ | തടസ്സപ്പെട്ടുത്തുന്ന തുക | കാരണം |
|---|---|---|---|---|
| 1 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, കെ.ഡബ്ല്യു. എ 27/19,വികസനഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്.) - 2,74,857/- രൂപ (ബിൽ നം25/23-11-18 2,74,857/- രൂപ) | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 2,74,857/- | കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ധനവിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ 33/19,വികസനഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്.)-5,00,000/-(ബിൽ നം.24/23-11- | സെക്രട്ടറി | 4,99,951/-- | കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ധനവിനിയോഗസർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| | 18,499951/-) | | | |
| 3 | അംഗൻവാടികൾക്ക് പൈപ്പ് ലൈൻ കണക്ഷൻ<br>105/19<br>വികസനഫണ്ട്(ധനകാര്യ കമ്മീഷൻ അവാർഡ്.)72,000/-<br>(ബിൽ നം 7/22-6-18, 72,000/-) | സെക്രട്ടറി | 72,000/- | കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ധനവിനിയോഗസർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 4 | എസ്.എസ്.എ. വിഹിതം2/19, വികസനഫണ്ട് (ജനറൽ)<br>9,97,253/-<br>ചെലവഴിച്ച തുക997253/-<br>( 1/17-5-18) | സെക്രട്ടറി. | 9,97,253/- | പഞ്ചായത്തിന്റെ അധീനതയിലുള്ള ഓരോ സ്കൂളിലും എസ്.എസ്.എ<br>യിൽ നിന്നും തൻ വർഷം നടപ്പിലാക്കിയ പദ്ധതികളുടെയും ആനുകൂല്യങ്ങളുടെയും ഇനം തിരിച്ചുള്ളവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 5 | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിങ്ങ്, 31/19 വികസനഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ് 3,58,630<br>ചെലവഴിച്ച തുക3,58,630/-<br>(23/23-11-18,298420/-, 38/6-3-19 ,60210/- ) | സെക്രട്ടറി | 3,58,630/- | കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ധനവിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 6 | കന്നുകുട്ടി പരിപാലനം എസ്.56/19, വികസനഫണ്ട് ജനറൽ<br>പദ്ധതി തുക - 12,50,000/-<br>(ബിൽ നം 16/26-3-19)<br>ചെലവഴിച്ച തുക- 4,00,000/- | വെറ്ററിനറി സർജൻ | 4,00,000/- | പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗരേഖകൾ ഹാജരാക്കേണ്ടതാണ്. |
| | | ആകെ | 26,02,691/- | |

**തടസ്സപ്പെടുത്തുന്ന തുക 26,02,691/-രൂപ**

# 3-14 അക്വാ പോണിക്സ് -നൂതനകൃഷി രീതി .-ഭാഗികമായി മാത്രം ലക്ഷ്യം കൈവരിച്ചു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| പ്രോജക്റ്റ് നം | 83/19,അക്വാ പോണിക്സ് -നൂതനകൃഷി രീതി |
| അടങ്കൽ തുക | 1,00,000/-(വികസനഫണ്ട് ജനറൽ 50000,ഗ്ര.വി 50,000/-) |
| ചെലവഴിച്ച തുക | 1,00,000/-<br>(ബിൽ നം -2/21-2-18 50000/-,<br>ഗ്ര.വി 50000/-(T.C) |

കുറച്ച് സ്ഥലത്ത് പരിമിതമായ ജലം ഉപയോഗിച്ച് ഒരു വീട്ടിലേക്ക് ആവശ്യമായ വിഷരഹിത മത്സ്യവും പച്ചക്കറിയും ഉത്പ്പാദിപ്പിക്കുന്നതിനും ഗുണഭോക്താക്കൾക്ക് നൂതന തൊഴിലവസരവും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കി സമീപ പഞ്ചായത്തുകളിലും വിഷരഹിത പച്ചക്കറിയും മത്സ്യവും വിതരണം ചെയ്യുന്നതും ലക്ഷ്യമിട്ടാണ് മേൽ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ഒരു ഗുണഭോക്താവിന് 10,000/- രൂപ വികസനഫണ്ടും 10,000/- രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ 5 ഗുണഭോക്താക്കൾക്ക് 1,00,000/- രൂപ ചെലവഴിച്ചിരിക്കുന്ന മേൽ പദ്ധതിയുടെ സ്ഥലപരിശോധന നടത്തിയതിൽ മത്സ്യകൃഷി നല്ല രീതിയിൽ നടക്കുന്നതായി ബോദ്ധ്യപ്പെട്ടു. പച്ചക്കറികൃഷി ലക്ഷ്യം കണ്ടില്ല. 700 ലിറ്റർ വ്യാപ്തിയുള്ള ഫിഷ് ടാങ്കിൽ നിന്നുള്ള ജലം പമ്പ് ചെയ്ത് ടാങ്കിന് മുകളിൽ സ്ഥാപിച്ചിട്ടുള്ള പച്ചക്കറി തൈകളുടെ ട്രേയിൽ വീഴ്ത്തി ചെടികൾക്കാവശ്യമുള്ള പോഷണഘടകങ്ങൾ ലഭ്യമാക്കുന്ന രീതിയിലാണ് ടാങ്ക് അറേഞ്ച് ചെയ്തിരുന്നത്. ഈ ജലം പച്ചക്കറി ട്രേയിൽ നിന്നും ഫിൽറ്റർ ചെയ്ത് വീണ്ടും ഫിഷ്ടാങ്കിലെത്തും. മേൽ പശ്ചാത്തലങ്ങളൊരുക്കിയിരുന്നെങ്കിലും സ്ഥല പരിശോധനയിലൊരിടത്തും പച്ചക്കറി കൃഷി നടക്കുന്നതായി കണ്ടില്ല. കൃഷിക്കാവശ്യമായ ജലലഭ്യതയും, സ്ഥലലഭ്യതയും കുറവുള്ള സ്ഥലങ്ങളിലാണ് മേൽ പദ്ധതികൾ കൂടുതൽ ഫലവത്താകുന്നത്. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>സ്ഥലപരിശോധനാ ചിത്രങ്ങൾ ചുവടെ ചേർക്കുന്നു.</u>**





## 3-15 ഇ.എം.ഡി. തിരികെ നൽകിയപ്പോൾ മുഴുവൻ തുകയും തിരികെ നൽകിയിട്ടില്ല.

മരാമത്തു പണികൾക്കായി ഒടുക്കു വരുത്തിയ ഇ. എം.ഡി. തിരികെ നൽകിയപ്പോൾ 1,000/- രൂപ കുറച്ചാണ് നൽകിയിരിക്കുന്നത്. 3-7-18 തീയതിയിലെ 21/20752 നമ്പർ രസീത് പ്രകാരം 11,700/- രൂപയാണ് ഒടുക്കു വരുത്തിയിരിക്കുന്നത്. ടി തുക തിരികെ നൽകാമെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. എന്നാൽ 10,700/- രൂപാ മാത്രമാണ് 21800442 നമ്പർ വൗച്ചർ പ്രകാരം (ചെക്ക് നമ്പർ 906948/17-8-18) തിരികെ കോൺട്രാക്ടർ ശ്രീ.സി.ആർ.വിജയകുമാറിന് നൽകിയിരിക്കുന്നത്. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി

ലഭ്യമാക്കിയില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. -11/28-06-2019.**

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്റ്റിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃതം | 2018-19 | 12,50,000 | ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ | 0 | 12,50,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 5,86,500 | സമഗ്ര നെൽകൃഷി വികസനം | 5,86,500 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2,04,000 | സമഗ്രനെൽകൃഷി വികസനം | 2,04,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,50,000 | പാലിയേറ്റീവ് കെയർ | 1,40,994 | 9006 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 24,19,000 | ലൈഫ് മിഷൻ ഭവനരഹിതർക്ക് ഭവനം | 14,20,000 | 99000 |
| ജില്ലാപഞ്ചായത്ത് | 2018-19 | 18,71,908 | ലൈഫ് മിഷൻ ഭവനരഹിതർക്ക് ഭവനം | 14,40,000 | 4,31,908 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 75,000 | ശാരിരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 75,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 60,000 | ശാരിരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 75,000 | -15,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 5,00,000 | ബി.ആർ.സി യ്ക്ക് ഉച്ചഭക്ഷണം | 3,03,438 | 1,96,562 |
| ജില്ലാപഞ്ചായത്ത് | 2017-18 | 1,41,000 | ബി.ആർ.സിയ്ക്ക് ഉച്ചഭക്ഷണം | 1,41,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 5,00,000 | പാലിന് സബ്സിഡി | 5,00,000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 1,20,000 | പാലിന് സബ്സിഡി | 1,19,956 | 44 |
| ജില്ലാപഞ്ചായത്ത് | 2018-19 | 10,00,000 | നാളീകേര സൊസൈറ്റിയ്ക്ക് ധനസഹായം | 0 | 10,00,000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21801365/ 23.11.2018 | 2,74,857 | 0 | 2,74,857 |
| കെ.എസ്സ്.ഇ.ബി | പോസ്റ്റ്ഷിഫ്റ്റിംഗ് | 21801392 19.12.2019 | 2,98,420 | 0 | 2,98,420 |
| കെ.എസ്സ്.ഇ.ബി | പോസ്റ്റ്ഷിഫ്റ്റിംഗ് | 21801392/ 19.12.2019 | 60,210 | 0 | 60,210 |
| കെ.എസ്സ്.ഇ.ബി | ലൈൻ എക്സ്റ്റെൻഷൻ | 21801584 23.11.2018 | 4,99,951 | 0 | 4,99,951 |
| കേരളവാട്ടർ അതോറിറ്റി | അംഗൻവാടിയ്ക്ക് പ്ലംബിംഗ് , വാട്ടർകണക്ഷൻ | 21800512 22.06.2018 | 72,000 | 0 | 72,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,33,91,406/- രൂപ വരവുണ്ട്. ഇതിൽ 1,33,60,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ് ഭവന പദ്ധതി | 316/2010 തീയതി -28.01.2010 | 1,91,62,500 | 19,74,295 | 19,16,250 | | 58,045 |

# 4-5 സ്ഥിരനിക്ഷേപം

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-15 | 2006-07 | 3.17.1 | ഖാദിവ്യവസായ സഹകരണ സംഘത്തിന് തുക അനുവദിച്ചത് | ഇതുമായി ബന്ധപ്പെട്ട് 2.12.10 ൽ WP(cc) 39831/10 നം. കേസ് നിലവിലുള്ളതിനാൽ റവന്യൂറിക്കവറി നടപടി സ്വീകരിക്കുവാൻ സാധിക്കുന്നില്ല. |
| 2003-04 | 3-18, 3-20, 3-22 | 2007-08 | 3(6)(2), 3(7)(1) | റോഡ് നിർമ്മാണം തുക അധികം നൽകിയത് (3-18, 3-20), കോളനിപ്രദേശങ്ങളിലെ | നിയമസഭാസമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| | | | | മണ്ണ് സംരക്ഷണം പ്രോജക്ടിന് വിരുദ്ധമായി തുക ചെലവഴിച്ചത്(3-22). | |
| 2005-06 | 3-24, 3-25 | 2007-08 | 3.6.2 | റോഡ് നിർമ്മാണം തുക അധികം നൽകിയത് (പൊതുപരാമർശം) | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2006-07 | 3-11 | 2008-09 | 3.5.3 | ബാന്റ്ഗ്രൂപ്പ് രൂപീകരണവും ക്രമവിരുദ്ധമായ ചെലവും | നിയമസഭാസമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,26,06,435.5 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,39,04,261 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,02,280 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 30,23,189.00 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 3-1 | | 67,080 | | ശ്രീ.ബാബുരാജ്.എ,സെക്രട്ടറി |
| 3-4 | | 10,000 | | ശ്രീ.ബൈജു.ജി, കൃഷി ഓഫീസർ |
| 3-6 | | 45,000 | | ശ്രീമതി.രമ്യ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-7 | | 15,000 | | ശ്രീമതി.ചെറുപുഷ്പം, ഹെഡ്മിസ്ട്രസ്സ് |
| 3-8 | | 15,800 | | ശ്രീ.ബാബുരാജ്.എ,സെക്രട്ടറി |
| 3-9 | | | 2,600 | ശ്രീ.ബാബുരാജ്.എ,സെക്രട്ടറി |
| | | | 2,600 | ശ്രീമതി.ഷൈനിമോൾ , |

| | | | | |
|---|---|---|---|---|
| | | | | (കമ്മിറ്റി അംഗം) |
| | | | 2,600 | ശ്രീ.ജി.വിശ്വനാഥൻ പിള്ള, (കമ്മിറ്റി അംഗം) |
| | | | 2,600 | ശ്രീമതി.സോമവല്ലി , (കമ്മിറ്റി അംഗം) |
| | | | 2,600 | ശ്രീമതി.ഷീന ലോപ്പസ് (കമ്മിറ്റി അംഗം) |
| | | | 2,600 | ശ്രീ.മുഹമ്മദ് ജാഫി (കമ്മിറ്റി അംഗം) |
| | | | 2,600 | ശ്രീമതി.ബിന്ദു ജയരാജ് (കമ്മിറ്റി അംഗം) |
| | | | 2,600 | ശ്രീ.വി.പ്രസന്നകുമാർ (കമ്മിറ്റി അംഗം) |
| | | | 2,600 | ശ്രീ. രാജൻ.വി (കമ്മിറ്റി അംഗം) |
| | | | 2,600 | കുമാരി ജയ.എ (കമ്മിറ്റി അംഗം) |
| | | | 2,600 | ശ്രീമതി.ഷൈലജ.എൻ (കമ്മിറ്റി അംഗം) |
| | | | 2,600 | ശ്രീ.വി.മനോജ് (കമ്മിറ്റി അംഗം) |
| | | | 2,600 | ശ്രീമതി.രമ്യാരാജൻ (കമ്മിറ്റി അംഗം) |
| | | | 2,600 | ശ്രീ.വി.ഉമേഷ്ചന്ദ്രൻ (കമ്മിറ്റി അംഗം) |
| | | | 2,600 | ശ്രീമതി.ഗീത.കെ, (കമ്മിറ്റി അംഗം) |
| | | | 2,600 | ശ്രീ.ലെറ്റസ് ജോറോം (കമ്മിറ്റി അംഗം) |
| | | | 2,600 | ശ്രീ.എൽ.അനിൽ (കമ്മിറ്റി അംഗം) |
| | | | 2,600 | ശ്രീ.റ്റി.സുരേഷ്കുമാർ (കമ്മിറ്റി അംഗം) |
| | | | 2,600 | ശ്രീമതി.ശ്രീകുമാരി.എസ് (കമ്മിറ്റി അംഗം) |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 3,46,998 | ശ്രീ.ബാബുരാജ്.എ,സെക്രട്ടറി |
| 3-11 | 73,500 | ശ്രീമതി.ചെറുപുഷ്പം, ഹെഡ്മിസ്ട്രസ്സ് |

| | | |
|---|---|---|
| 3-13<br>ക്രമ നം.1 മുതൽ<br>ക്രമ നം.5 വരെ | 22,02,691 | ശ്രീ.ബാബുരാജ്.എ, സെക്രട്ടറി |
| 3-13<br>ക്രമ നം.6 | 4,00,000 | ശ്രീമതി.സാൻട്രിയ വാഷിംഗ്ടൺ,<br>വെറ്റിനറി സർജൻ |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബാബുരാജ്.എ, | സെക്രട്ടറി ,<br>പെരിനാട് ഗ്രാമ പഞ്ചായത്ത് | നികേതം, പെരുമ്പുഴ.<br>പി.ഒ,<br>കൊല്ലം |
| ശ്രീ.ബൈജു.ജി, കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>പെരിനാട് ഗ്രാമ പഞ്ചായത്ത് | ബിജുനിവാസ്.<br>അഷ്ടമുടി.പി.ഒ |
| ശ്രീമതി.രമ്യ,<br>ഡയറിഫാം ഇൻസ്ട്രക്ടർ, | ഡയറിഫാം ഇൻസ്ട്രക്ടർ,പെരിനാട് ഗ്രാമ പഞ്ചായത്ത് | പി.എസ്സ്.ഭവൻ,<br>വെൺപകൽ.<br>പി.ഒ,<br>തിരുവനന്തപുരം |
| ശ്രീമതി.ചെറുപുഷ്പം,<br>ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ്,<br>ഗവ: വെൽഫയർ എൽ.പി.എസ്സ്.പെരിനാട് | ബിനോഡെയ്ൻ,<br>വെള്ളിമൺ<br>വെസ്റ്റ്.പി.ഒ |
| ശ്രീമതി.സാൻട്രിയ വാഷിംഗ്ടൺ,<br>വെറ്റിനറിസർജൻ | വെറ്റിനറിസർജൻ,<br>പെരിനാട് ഗ്രാമ പഞ്ചായത്ത് | അജയ്ഭവൻ,<br>കേരളപുരം,<br>വെള്ളിമൺ,പി.ഒ |
| ശ്രീമതി.ഷൈനിമോൾ | കമ്മിറ്റി അംഗം | വലിയവിള<br>തെക്കതിൽ, |

| | | |
|---|---|---|
| | | വെള്ളിമൺ വെസ്റ്റ്.പി.ഒ |
| ശ്രീ.ജി.വിശ്വനാഥൻ പിള്ള, | കമ്മിറ്റി അംഗം | വന്ദനം, വെള്ളിമൺ.പി.ഒ |
| ശ്രീമതി.സോമവല്ലി . കെ | കമ്മിറ്റി അംഗം | വിനോദ് ഭവൻ, വെള്ളിമൺ വെസ്റ്റ്.പി.ഒ |
| ശ്രീമതി.ഷീന ലോപ്പസ് | കമ്മിറ്റി അംഗം | ചന്ദനവിള, വെള്ളിമൺ.പി.ഒ, കൈതാകോടി |
| ശ്രീ.മുഹമ്മദ് ജാഫി | കമ്മിറ്റി അംഗം | താഴേവിള പുത്തൻവീട്, ചെറുമൂട്, വെള്ളിമൺ.പി.ഒ |
| ശ്രീമതി.ഷൈലജ.എൻ | കമ്മിറ്റി അംഗം | തോട്ടുംകര വീട്, ചന്ദനത്തോപ്പ്.പി.ഒ |
| ശ്രീ.വി.പ്രസന്നകുമാർ | കമ്മിറ്റി അംഗം | മംഗലത്ത് വീട്, കേരളപുരം, വെള്ളിമൺ.പി.ഒ |
| ശ്രീ.മുഹമ്മദ് ജാഫി | കമ്മിറ്റി അംഗം | ബിലാൽ മൻസിൽ, ഇളമ്പള്ളൂർ, കുണ്ടറ.പി.ഒ |
| ശ്രീമതി.ബിന്ദു ജയരാജ് | കമ്മിറ്റി അംഗം | പുതുവേലിൽ വീട്, ഇടവട്ടം, വെള്ളിമൺ |
| ശ്രീ.വി.മനോജ് | കമ്മിറ്റി അംഗം | മനോജ് ഭവൻ, കുഴിയം(s), ചന്ദനത്തോപ്പ് |
| കുമാരി ജയ.എ | കമ്മിറ്റി അംഗം | ഭാസ്കരഭവൻ, ഇടവട്ടം, വെള്ളിമൺ.പി.ഒ |
| ശ്രീമതി.രമ്യാരാജൻ | കമ്മിറ്റി അംഗം | കൽക്കുറുമ്പുവിള പടിഞ്ഞാറ്റതിൽകുഴിയം സൗത്ത്, ചന്ദനത്തോപ്പ്.പി.ഒ |
| ശ്രീ.വി.ഉമേഷ്ചന്ദ്രൻ | കമ്മിറ്റി അംഗം | പ്ലാങ്കാലവീട്, കുഴിയം തെക്ക്, ചന്ദനത്തോപ്പ്.പി.ഒ |
| ശ്രീമതി.ഗീത.കെ, | കമ്മിറ്റി അംഗം | രാഹുൽ ഭവനം, |

| | | |
|---|---|---|
| | | ചാറുകാട്, ചെമ്മക്കാട്.പി.ഒ |
| ശ്രീ.ലെറ്റസ് ജോറോം | കമ്മിറ്റി അംഗം | കിണറുവിള തൊടിയിൽ, ചെമ്മക്കാട്.പി.ഒ, പെരിനാട് |
| ശ്രീ.എൽ.അനിൽ | കമ്മിറ്റി അംഗം | മേലതിൽ, ചന്ദനത്തോപ്പ്.പി.ഒ |
| ശ്രീ.റ്റി.സുരേഷ്കുമാർ | കമ്മിറ്റി അംഗം | പാലിച്ചഴികം, വെള്ളിമൺ വെസ്റ്റ് പി.ഒ |
| ശ്രീമതി.ശ്രീകുമാരി.എസ് | കമ്മിറ്റി അംഗം | താഴെവിള പുത്തൻ വീട്,ചെറുമൂട്.പി.ഒ |
| ശ്രീ. രാജൻ.വി | കമ്മിറ്റി അംഗം | രാഹുൽ ഭവൻ, ഇടവട്ടം, വെള്ളിമൺ.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.എൽ.എം.പി4/441(1)/18 /6-4-18 | 2 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി4/441(2)/18 /6-4-18 | 1 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി4/441(3)/18 /6-4-18 | 3 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി4/441(5)/18 /6-4-18 | 5 |
| 2002-03 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | 6 |
| 2003-04 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | 11 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി4/441(6)/18 /6-4-18 | 4 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | 22 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി4/780(1)/19 | 19 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി4/780(2)/19 | 7 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി4/780(3)/19 | 6 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി4/780(4)/19 | 4 |
| 2010-11<br>2011-12 | കെ.എസ്.എ.കെ.എൽ.എം.പി4/780(5)/19 | 13 |
| 2012-13 | എൽ.എഫ്.ക്യൂ.പി2/1537/14/ 15.07.15 | 11 |
| 2013-14&14-15 | കെ.എസ്.എ.കെ.എൽ.എം.പി.2-1564/16/10.5.17 | 8 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.4-1837/16/27.12.17 | 10 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.4-1615/17/28.03.18 | 14 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി.4-1804/18, തീയതി - 06.02.19 / 15.03.19 | 11 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**

# <u>അനുബന്ധം1 ഓഡിറ്റ് സാക്ഷ്യപത്രം 2018-19</u>

നം:കെ.എസ്.എ.കെ.എൽ.എം.പി.4/981/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം.

പിൻ - 691 001, Ph: 0474 – 2740141

E-mail: doklm.ksad@kerala.gov.in

തീയതി:02/08/2019

## <u>ഓഡിറ്റ് സാക്ഷ്യപത്രം 2018-19</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **<u>പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19</u>**സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

No.KSA.KLM.P4 -981/2019 , Dated –02/08/2019

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **Perinadu Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Perinadu Grama Panchayath**for the year **2018-19** subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

Kerala State Audit Department

District Office, Kollam

## 2 അനുബന്ധം -2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം<br>(Audited Abstract) |
| 2 | ഇൻകം &<br>എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**